
# ആഫീസർമാരെ സൂക്ഷിക്കുക

"ഓണത്തിനിടയിൽ പുട്ടുക്കച്ചവടം". പോലിരിക്കും ഇക്കാലത്ത് കടംകഥകളുടെ കളി. ചെലവാകില്ല. പകരം ഇന്നത് 'ക്വിസ്' ആയി. ഒരു ഉദാഹരണം. കാള കിടക്കും കയറോടും? കുമ്പളങ്ങ. കുമ്പളങ്ങ ഒരിടത്ത് കിടക്കും.വള്ളി അങ്ങിങ്ങ് ഓടിക്കൊണ്ടിരിക്കും. മറ്റൊന്ന് – ''ഓടും കുതിര, ചാടും കുതിര, വെള്ളം കണ്ടാൽ നില്ക്കും കുതിര''? ചെരിപ്പ്. ഒരു മാതിരിക്കാരാരും വെള്ളത്തിൽ ചെരിപ്പിട്ടു നടക്കില്ല. സാധാരണക്കാരന്റെ വള്ളിച്ചെരിപ്പായാൽ ഊരി കൈയിൽ പിടിക്കും. വെള്ളം കഴിഞ്ഞ ഉടനെ കാലിൽ ധരിക്കാം. എന്നാൽ സർക്കാർ ഓഫീസർമാരുടെ കെട്ടും പൂട്ടുമുള്ള 'ഷൂസ്' എന്ന സാധനമായാൽ നിന്നേടത്തു നില്ക്കും. എത്ര വലിയ കാര്യമായാലും ഒരടി മുന്നോട്ടു വയ്ക്കില്ല. അതായത് ടി കടംകഥയുടെ ശരിയുത്തരം 'സർക്കാർ ഓഫീസർ' എന്നാകുന്നു. ഒന്നുകൂടി വിശദീകരിച്ചാൽ 'വെള്ളക്കോളറുകാർ' എന്നാകാം.

അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിൽപ്പെട്ട ഒരു സാധാ കൃഷിക്കാരനെ സങ്കല്പിക്കുക. തെങ്ങിനോ കവുങ്ങിനോ വാഴക്കോ നെല്ലിനോ എന്തെങ്കിലും കേടുപാടുകൾ കണ്ടാൽ കുത്തനെ ഒരു കൃഷി ആപ്പീസറെയല്ലേ സമീപിക്കുക? എന്തുണ്ടാകും? ആപ്പീസർ ഇരുന്ന ഇരിപ്പിൽ ഞൊടിയിടകൊണ്ട് രോഗ നിർണയം നടത്തും. തെങ്ങിനാണെങ്കിൽ മണ്ഡരീബാധ. കവുങ്ങിന് മഹാളിക്കേട്. വാഴയ്ക്ക് കുമ്പടച്ചൻ. നെല്ലിന് മുഞ്ഞബാധ. വെള്ളം പോലെ കാണാപാഠം. പഠിച്ചു വച്ചിട്ടുള്ള ഒട്ടേറെ കീടനാശിനികളുടെ പേരെഴുതിത്തരും. പലവട്ടം പ്രയോഗിച്ചു നോക്കി രക്ഷയില്ലെന്നു കണ്ടാൽ മറ്റുള്ളവയുടെ രക്ഷയെ കരുതി എല്ലാം വെട്ടിക്കൂട്ടി മണ്ണെണ്ണയൊഴിച്ച് ചുട്ടുചാമ്പലാക്കണം. കഴിഞ്ഞുകുത്ത്. അല്ലാതെ തെങ്ങു കയറുന്ന പണി ഓഫീസറുടേതല്ല. നെൽപ്പാടത്തിറങ്ങി നോക്കാമെന്നു വച്ചാൽ ''ഷൂസും'' സമ്മതിക്കില്ല.

പത്തിരുപതു വർഷം മുമ്പ് കണ്ണാറയിലുള്ള സർക്കാർ വാഴ ഗവേഷണ കേന്ദ്രം സന്ദർശിക്കുവാൻ ഇടയായി. ഒരു പുതിയ ഇനം നേന്ത്രവാഴ കണ്ടപ്പോൾ താത്പര്യം തോന്നി. പേര് – 'സാൻസിബാർ'. വലിപ്പമുള്ള കായകൾ. കുടപ്പനില്ല. മൂന്നു പടലയേ ഉണ്ടാകൂ. ഏറിയാൽ മുപ്പതു കായകൾ. നന്നായി ശുശ്രൂഷിച്ചാൽ ഒരു കായ ഒരു കിലോ വരെ തൂക്കം വരും. മൂപ്പ് പന്ത്രണ്ടു മാസം. അസോഷിയേറ്റഡ് പ്രഫസറുടെ വിശദീകരണം. കേട്ട പാതി കേൾക്കാത്ത പാതി അഞ്ചു കന്നുകൾ വാങ്ങി. പറഞ്ഞതുപോലെ ശാസ്ത്രീയമായി തന്നെ കൃഷി ചെയ്തു. ഒമ്പതാം മാസത്തിൽ കൃത്യമായി കുലച്ചു. സാറു പറഞ്ഞതു വിട്ടു രണ്ടു വാഴക്ക് അഞ്ചു പടല വീതം കണ്ടപ്പോൾ അത്ഭുതം തോന്നി. കായകളുടെ എണ്ണത്തിലും വ്യത്യാസം '–' ഒന്നിൽ മുപ്പത്തിയഞ്ച്. മറ്റൊന്നിൽ മുപ്പത്തിയെട്ട്. ഗവേഷണ കേന്ദ്രമല്ലേ? വിവരത്തിന് കത്തെഴുതി. ഒരു മാസം കഴിഞ്ഞു മറുപടി കാണാഞ്ഞു ഒന്നുകൂടി എഴുതി. ഇത്തവണ കത്ത് ഇംഗ്ലീഷിലാക്കി. അക്കാലത്ത് ഭരണ ഭാഷ ഇംഗ്ലീഷാണല്ലോ. കൂടാതെ എത്തിപ്പെടേണ്ട വഴിയുടെ വിശദമായ വിവരണവും.നേരിൽ വന്നു കാണുന്നെങ്കിൽ ദിവസവും സമയവും അറി



യിക്കുവാൻ താത്പര്യപ്പെട്ട്, സ്വന്തം അഡ്രസെഴുതിയ പോസ്റ്റ് കാർഡും അടക്കം ചെയ്തു. ഒരു രക്ഷയുമില്ല. കായ മൂപ്പെത്തി വെട്ടാറായപ്പോൾ നേരിൽ നിവേദനം നടത്തുവാൻ തന്നെ തീരുമാനിച്ചു. അസോസിയേറ്റഡ് പ്രഫസർ ലീവ്. ഓഫീസിൽ കണ്ടവരോട് കാര്യം പറഞ്ഞു. ഉത്തരം ഉടനേ: ഇവിടെ ഇതുവരെ അങ്ങിനെ കണ്ടിട്ടില്ല. സാറു മറ്റന്നാൾ ഇവിടെ കാണും. കത്തു കിട്ടിയ വിവരം സാറു പറയുകയുണ്ടായി. ഓഫീസിലെ സാറന്മാരുടെ മുഖഭാവത്തിൽനിന്നും ഞാനൊരു പമ്പര വിഡ്ഢിയാണെന്ന് മനസിലായി. ഗവേഷണം നടക്കുന്നേടത്ത് ശകനം മുടക്കിയായി കയറിച്ചെന്നത് തെറ്റ്. ഓണത്തിനിടയിലെ പുട്ടുകച്ചവടം പോലെ! പൊന്നരുക്കുന്നിടത് പൂച്ചക്കെന്തു കാര്യം!

ഇത്രയും കുറിക്കുവാൻ കാരണമായത് ഇക്കഴിഞ്ഞ ഫെബ്രുവരി 25–ന് മാതൃഭൂമി ദിനപ്പത്രത്തിൽ കണ്ട ഒരു വാർത്തയാണ്. ഗൾഫ് വേണ്ടെന്നു വച്ച് ഒരു വിദ്വാൻ നാട്ടിൽ കൃഷിപ്പണി തുടങ്ങിയിരിക്കുന്നു! കവി യൂസഫലി കേച്ചേരിയുടെ നാട്ടിൽ. എന്നു പറഞ്ഞാൽ തൃശൂർ ജില്ലയിലെ കേച്ചേരി എന്ന സുന്ദരമായ ഗ്രാമത്തിൽ. ഗൾഫ് ഉപേക്ഷിച്ച് നാട്ടിൽ ചില്ലറ ബിസിനസോ വ്യവസായമോ തുടങ്ങുന്നത് തെറ്റില്ല. എന്നാൽ കൃഷി തുടങ്ങിയെന്നു കേട്ടാൽ നാമെല്ലാം മൂക്കത്തു വിരൽ വയ്ക്കും. ചിലരതിന് ശുദ്ധമായ വട്ടെന്നും പേരിട്ടേക്കും. തെറ്റി. നെൽകൃഷിയല്ല. ശാസ്ത്രീയവുമല്ല. ഗൾഫിലെ ജോലി മതിയാക്കി മൂന്നു വർഷമായി നാട്ടിൽ തെക്കുവടക്കു നടന്നുകൊണ്ടിരുന്ന തെക്കുട്ടയിൽ കൃഷ്ണന്റെ മകൻ സുരേഷ് എന്ന ചെറുപ്പക്കാരന് പെട്ടെന്നൊരു വിളി തോന്നി. അത്രയേ ഉള്ളൂ. ആദ്യമായിട്ടാണുതാനും കൃഷി ഒരു കൈ നോക്കുന്നതും. പ്രധാനം നേന്ത്രവാഴ. ഒന്നു രണ്ടുമല്ല. ഒരായിരം. അതിലുമില്ല അത്ര അത്ഭുതപ്പെടുവാൻ. ആണ്ടുതോറും പതിനായിരക്കണക്കിന് വാഴകൃഷി ചെയ്യുന്നവർ ധാരാളം! സുരേഷിനൊരു യുക്തി തോന്നി. തൊട്ടടുത്ത പലചരക്കുകടയിൽ നിന്നും വെറുതെ കളയുന്ന വറ്റൽ മുളകിന്റെ വിത്തു പാകി മുളപ്പിച്ച് വാഴത്തോട്ടത്തിൽ നട്ടു പിടിപ്പിച്ചു. ഒന്നും രണ്ടുമല്ല. നിറയെ. പ്രത്യേകം വളം വേണ്ട. നനയും വേണ്ട. വെറും പരീക്ഷണം. കർണാടകത്തിലും പാലക്കാട് ജില്ലാ അതിർത്തികളിലും മാത്രം വിളയുന്ന വറ്റൽ മുളക് എന്തുകൊണ്ടു കേച്ചേരിപ്പുഴയോരത്ത് വളരില്ല? പോയാൽ പോയി. കിട്ടിയാലോ?

കിട്ടി. ഉശിരോടെ വളർന്നു. സമൃദ്ധിയായി പൂവണിഞ്ഞു. 15 സെന്റിമീറ്റർ വരെ നീളമുള്ള മുളകുകൾ കുലകുത്തി. നാട്ടിൽ പാട്ടായി. അവിശ്വസനീയം. ലോകത്തിലേക്കും വച്ച് എട്ടാമത്തെ അത്ഭുതം!

ഇവിടെ തുടങ്ങുന്നു സുരേഷിന്റെ കഷ്ടകാലം! കേട്ടറിഞ്ഞുമറ്റവരെത്തി. ഒന്നും രണ്ടുമല്ല. ഒട്ടനേകം. വെട്ടുകിളികളല്ല. കൃമികീടങ്ങളല്ല. കരിനാക്കന്മാരുമല്ല. എല്ലാറ്റിലും വച്ച്, ലോകത്തിലിക്കും വച്ച് ഉപദ്രവകാരികളായ അവർ. ആരാണെന്നു വായനക്കാർ ഊഹിച്ചു കാണുമോ? അതെ, അവർ തന്നെ. കാർഷിക സർവകലാശാലയിൽനിന്നും കണ്ഠകൗപീന ധാരികൾ. എല്ലാം പ്രഫസർമാർ. തലങ്ങും വിലങ്ങും ഗവേഷണം നടത്തി നാടുമുടിച്ചവർ.പിന്നെ കൃഷി ആപ്പീസർമാർ. ഉപദേശമായി. അതു ചെയ്യണം. ഇതു ചെയ്യണം. ദൈവസഹായം കൊണ്ടു ഒരു കേടും കൂടാതെ നില്ക്കുന്ന ചെടികളുടെ പരിചരണ



മുറകൾ. വളപ്രയോഗങ്ങൾ. കീടനാശിനികൾ ഉപയോഗിക്കേണ്ട ഘട്ടങ്ങൾ.

കുറുക്കന്മാർ പകലിറങ്ങി നടക്കുന്നതു കണ്ടാൽ സൂക്ഷിക്കണം. കാട്ടിൽ നിന്നും പുലി നാട്ടിലിറങ്ങിയാലും ജാഗ്രത വേണം. പ്രിയപ്പെട്ട സുരേഷ്, ആപ്പീസർമാരെ സൂക്ഷിക്കുക'. ഇടതുചെവിയിലൂടെ കേട്ട ഉപദേശങ്ങൾ വലതു ചെവിയിലൂടെ പുറത്തു കളയുക. അല്ലെങ്കിൽ ഭവിഷ്യത്തു വലുതായിരിക്കും. കുത്തുപാളയെടുപ്പിക്കും. വെള്ളം കണ്ടാൽ 'ടപ്പുന്ന്' നില്ക്കേണ്ട കുതിര ചെളിയിലൂടെ 'ചടപടാന്നു' നടക്കുന്നതു കണ്ടാൽ സൂക്ഷിച്ചേ മതിയാകൂ. ശുഭം.